**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3181** **04-08-2021 - ൽ മറുപടിയ്ക്ക്**

**സി.എച്ച്.സി.യെ താലൂക്ക് ആശുപത്രിയായി ഉയർത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ ഈരാറ്റുപേട്ട സി.എച്ച്.സി.യെ താലൂക്ക് ആശുപത്രിയായി ഉയർത്താൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; | (എ) | നിലവിൽ ഒരു താലൂക്കിൽ ഒരു താലൂക്ക് ആശുപത്രി എന്ന നയമാണ് സർക്കാർ അവംലബിച്ചിട്ടുള്ളത്. ഈരാറ്റുപേട്ട കുടുംബാരോഗ്യകേന്ദ്രം സ്ഥിതി ചെയ്യുന്ന മീനച്ചിൽ താലൂക്കിൽ തന്നെ ടി സ്ഥാപനത്തിന് 12 കിലോമീറ്റർ അകലെയായി പാലാ ജനറൽ ആശുപത്രിയും 19 കി.മി അകലെ കാഞ്ഞിരപ്പള്ളി താലൂക്ക് ആശുപത്രി എന്നിവ സ്ഥിതി ചെയ്യുന്നു. നിലവിലുള്ള ആശുപത്രികളുടെ പദവി ഉയർത്തുക എന്നതിനു പകരം നിലവിലുള്ള സ്ഥാപനങ്ങളെ നിശ്ചിത മാനദണ്ഡങ്ങളോടെ വികസിപ്പിച്ച് കൂടുതൽ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നതിനാണ് സർക്കാർ മുൻതൂക്കം നൽകുന്നത്.ആയതിന്റെ ഭാഗമായി സംസ്ഥാനത്ത് രൂപീകൃതമായ ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഈരാറ്റുപേട്ട പ്രാഥമികാരോഗ്യ കേന്ദ്രത്തെ കാട്ടംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി ഇവിടെ ഒരു ഡോക്ടർ രണ്ടു സ്റ്റാഫ് നേഴ്സ് ഒരു ലാബ് ടെക്നിഷ്യൻ എന്നീ തസ്തികകൾ ഇതിനോടകം സൃഷ്ടിച്ചു നല്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ കുടുംബാരോഗ്യകേന്ദ്രമായി പ്രവർത്തിച്ചു വരുകയും ചെയ്യുന്നു. |
| (ബി) | പ്രസ്തുത നിയോജക മണ്ഡലത്തിൽ താലൂക്ക് ആശുപത്രി നിലവിൽ ഇല്ലാത്തതിനാൽ പ്രസ്തുത ആവശ്യം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | പൂഞ്ഞാർ നിയോജക മണ്ഡലം ഉൾപ്പെടുന്ന മീനച്ചിൽ താലൂക്കിന് അനുവദിച്ചിരിക്കുന്ന താലൂക്കാശുപത്രി കുറവിലങ്ങാട് സ്ഥിതി ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ